പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1271** — 07.06.2018- ൽ മറുപടിക്ക്

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അനുബന്ധ റോഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അനുബന്ധ റോഡുകളെന്ന നിലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി ലഭിച്ചെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിന് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത 6 റോഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമെന്നും ഓരോ റോഡുകളുടെയും ദൈർഘ്യം എത്രയെന്നും വ്യക്തമാക്കുമോ; | | |
| (സി) ഓരോ റോഡുകൾക്കും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം റോഡുകളുടെ ഡി.പി.ആർ.തയ്യാറാക്കി സമർപ്പിച്ചെന്നും ഏതെല്ലാം റോഡുകൾക്ക് സാങ്കേതികാനുമതി നൽകിയെന്നും വ്യക്തമാക്കുമോ; | | |
| (ഡി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത റോഡുകളുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **തലശ്ശേരി - കൊട്ടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്(24.50 കി.മി).**

   കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിരുന്ന 'തലശ്ശേരി - കൊട്ടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡിൽ' മട്ടന്നൂർ മുതൽ വായന്തോട് വരെയുള്ള ഭാഗം കൂടി ഉൾപ്പെടുത്തുന്നതിനും അധികമായി വേണ്ടി വരുന്ന തുക കിഫ്ബിയിൽ നിന്ന് കണ്ടെത്തുന്നതിനുമാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചു. കൂട്ടതലായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആവശ്യമായി വന്ന ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ആയത് പുരോഗമിച്ചു വരികയും ചെയ്യുന്നു.

2. **കറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ്- മട്ടന്നൂർ റോഡ്(53.15 കി.മി).**

   'കറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ് - മട്ടന്നൂർ റോഡ്' കിഫ്ബിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ കോഴിക്കോട് റോഡ്സ് ഡിവിഷന്റെ പരിധിയിൽ വരുന്ന ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡി.പി.ആർ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ കണ്ണൂർ റോഡ്സ് ഡിവിഷന്റെ പരിധിയിൽ വരുന്ന ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

3. **മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ്(63.50 കി.മി).**

   വനപ്രദേശം ഒഴികെയുള്ള 'മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ്' കിഫ്ബിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ വയനാട് റോഡ്സ് ഡിവിഷന്റെയും കണ്ണൂർ റോഡ്സ് ഡിവിഷന്റെയും പരിധിയിൽ വരുന്ന ഭാഗങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

4. **കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ്(32.00 കി.മി).**

   രണ്ടു വരിയിൽ ദേശീയപാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള 'കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ്' നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിന് ശിപാർശ നൽകുന്നതിനാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്. അതനുസരിച്ച് കേന്ദ്ര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർദ്ദിഷ്ട ദേശീയപാതയായതിനാൽ ദേശീയപാതാ വിഭാഗത്തിനു കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരുന്നുണ്ട്.

5. **മേലെ ചൊവ്വ – ചാലോട് - വായന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ്(26.30 കി.മി).**

രണ്ടു വരിയിൽ ദേശീയപാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള 'മേലെ ചൊവ്വ – ചാലോട് - വായന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ്' നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിന് ശിപാർശ നൽകുന്നതിനാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്. അതനുസരിച്ച് കേന്ദ്ര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർദ്ദിഷ്ട ദേശീയപാതയായതിനാൽ ദേശീയപാതാ വിഭാഗത്തിനു കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരുന്നുണ്ട്.

6. **തളിപ്പറമ്പ - ചെറക്കള – നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ്(27.20 കി.മി).**

കിഫ്ബിയിൽ ഉൾപ്പെടുത്തി രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിരുന്ന 'തളിപ്പറമ്പ - ചെറക്കള – നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ്' നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും അധികമായി വേണ്ടി വരുന്ന തുക കിഫ്ബിയിൽ നിന്ന് കണ്ടെത്തുന്നതിനുമാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ